**മധുരമായ കുട്ടികളേ, ബാബയേയും സൃഷ്ടി ചക്രത്തേയും ഓർമ്മിക്കൂ, വായകൊണ്ട് ഒന്നും ഉരുവിടേണ്ട ആവശ്യമില്ല, കേവലം ഈ നരകത്തിൽ നിന്ന് മനസ്സ് മാറ്റൂ എങ്കിൽ നിങ്ങൾ സദാ നിരോഗിയായി മാറും.**

**ചോദ്യം:** ബാബ സ്വയം നേരിട്ട് വന്ന് തന്റെ കുട്ടികൾക്ക് ശ്രേഷ്ഠ പ്രാലബ്ധമുണ്ടാക്കുന്നതിനുവേണ്ടി ഏതൊരു നിർദ്ദേശമാണ് നൽകുന്നത്?

**ഉത്തരം:** കുട്ടികളേ, ഇപ്പോൾ നിങ്ങളുടെ സർവ്വതും നശിക്കാൻ പോകുകയാണ്. ഒന്നും തന്നെ ഉപയോഗ മാകുകയില്ല, അതുകൊണ്ട് സുദാമയെപ്പോലെ തന്റെ പ്രാലബ്ധമുണ്ടാക്കൂ. ബാബ നേരിട്ട് വന്നിരിക്കുക യാണ്, അതുകൊണ്ട് തന്റെ പക്കലുള്ള സർവ്വതും സഫലമാക്കൂ. *ഹോസ്പിറ്റൽ കം കോളേജ്* തുറക്കൂ അതിലൂടെ അനേകം പേരുടെ മംഗളമുണ്ടാകട്ടെ. സർവ്വർക്കും വഴി പറഞ്ഞുകൊടുക്കൂ. ശ്രീമതപ്രകാരം സദാ നടന്നുകൊണ്ടിരിക്കൂ.

**ഓം ശാന്തി**. പരിധിയില്ലാത്ത അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിതന്നുകൊണ്ടിരിക്കുകയാണ്. വിവേകശൂ ന്യരായവർക്കാണ് പറഞ്ഞുകൊടുക്കുക. നിങ്ങൾ കുട്ടികൾക്കറിയാം - തീർച്ചയായും എല്ലാവരും പതി തരാണ്, പതിത പാവനനായ അച്ഛനെ ഓർമ്മിക്കുകയാണ്. പതിത മനുഷ്യരെ തീർച്ചയായും വിവേകശൂ ന്യരെന്നു പറയും. എല്ലാവരും വിളിച്ചുകൊണ്ടിരിക്കുകയാണ്, അല്ലയോ പതിത-പാവനാ, വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ. ഭാരതവാസികൾക്കറിയാം സത്യയുഗത്തിൽ ഭാരതം പാവനമായിരിന്നു. പാവന ഗൃഹസ്ഥ ധർമ്മമായിരുന്നു, ഈ സമയത്ത് പതിത ഗൃഹസ്ഥ അധർമ്മമാണ്. പാവനമായവരെയാണ് ധർമ്മാത്മാ വെന്ന് പറയുന്നത്. ഈ ഭാരതത്തിൽ അയ്യായിരം വർഷം മുമ്പ് ലക്ഷ്മീ-നാരായണന്റെ രാജ്യമുണ്ടായിരു ന്നപ്പോൾ അതിനെ പാവന രാജ്യമെന്നാണ് പറയപ്പെട്ടിരുന്നത്. നരനും നാരിയും രണ്ടുപേരും പാവനമാ യിരുന്നു. ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു, അരക്കല്പമായി ഇവിടെ ഭക്തിമാർഗ്ഗം നടക്കുകയായിരു ന്നു. ജപ-തപങ്ങൾ മുതലായവ ചെയ്യുക, വേദങ്ങൾ പഠിക്കുക, ഇതെല്ലാം ഭക്തി മാർഗ്ഗമാണ്, ഇതുകൊ ണ്ടൊന്നും ആർക്കും എന്നെ പ്രാപ്തമാക്കാൻ കഴിയുകയില്ല. എന്നെ അറിയുന്നേയില്ല. ഇതെല്ലാം *സമയനഷ്ടവും ഊർജ്ജനഷ്ടവുമാണ്*. ദ്വാപരം മുതൽ ഭക്തി മാർഗ്ഗം തുടങ്ങുന്നു. പിന്നീട് ദേവതകൾ വാമമാർഗ്ഗത്തിൽ പോകുന്നു. ലക്ഷ-കോടിക്കണക്കിന് രൂപ ചിലവഴിച്ച് ദേവതകളുടെ ക്ഷേത്രങ്ങളുണ്ടാ ക്കുന്നു. സോമനാഥ ക്ഷേത്രം വജ്രങ്ങൾകൊണ്ടും രത്നങ്ങൾ കൊണ്ടും അലങ്കരിച്ചതായിരുന്നു. അന്നത്തെ കണക്കനുസരിച്ച് കോടികൾ ചിലവഴിച്ചിട്ടില്ലായിരിക്കാം എന്തെന്നാൽ അന്ന് രത്നങ്ങൾക്കും വജ്രങ്ങൾക്കും യാതൊരു വിലയുമില്ലായിരുന്നു. എന്നാൽ ഈ സമയത്ത് ആ ക്ഷേത്രമുണ്ടായിരുന്നെങ്കിൽ അനേക കോടികളുടെ വിലമതിക്കുമായിരുന്നു.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു - മധുരമായ കുട്ടികളേ, വേദ-ശാസ്ത്ര പഠനം ചെയ്യുകയെന്നത് ഭക്തിയാണ്, ഇതിനെ ജ്ഞാനമെന്ന് പറയുകയില്ല. സത്യയുഗത്തിൽ തീർത്ഥങ്ങളായി ഒന്നിനേയും അംഗീകരിക്കില്ല. സത്യയുഗത്തിലും ഗംഗ-യമുന മുതലായ നദികളുണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. സത്യ യുഗത്തിൽ തീർത്ഥം ചെയ്യുന്ന നദികളുണ്ടായിരുന്നില്ല. ബാബയാണെങ്കിൽ ജ്ഞാനസാഗരനാണ്, ബാബയാണ് ജ്ഞാനം നൽകുന്നത്. അരക്കല്പം ഈ ഭക്തി നടക്കുന്നു. ആദ്യം അവ്യഭിചാര ഭക്തിയാ യിരുന്നു. ശിവന്റെ തന്നെയായിരുന്നു പൂജ ചെയ്തിരുന്നത്. പിന്നീട് ദേവതകളുടേയും പൂജ ചെയ്യാൻ തുടങ്ങി, ഇപ്പോളാണെങ്കിൽ വ്യഭിചാര ഭക്തിയായിമാറിയിരിക്കുകയാണ്. ഭക്തി ചെയ്യുന്നു, ശാസ്ത്രങ്ങൾ മുതലായവ വായിച്ചുകൊണ്ടിരിക്കുന്നു, എങ്കിൽ എല്ലാവരും ഭക്തരായി. സജനികൾ പ്രിയതമനായ എന്നെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ഭക്തന്മാരുടെ രക്ഷ ചെയ്യുന്നവനാണ് ഭഗവാൻ. തീർച്ചയായും ഭക്തിയിൽ പ്രയാസങ്ങളുണ്ട്, അതുകൊണ്ടാണ് പറയുന്നത് വന്ന് ഞങ്ങളെ മുക്തമാക്കൂ എന്ന്. ദുഃഖത്തിൽ നിന്ന് മോചിപ്പിക്കൂ. വഴികാട്ടിയായി മുക്തിധാമത്തിലേയ്ക്ക് കൊണ്ടുപോകൂ. എന്നാൽ ഭഗവാനാരാണെന്ന് അവർക്കറിയില്ല. ശിവന്റേയും ശങ്കരന്റേയും ക്ഷേത്രങ്ങളിൽ പോകുന്നു. ശിവ-ശങ്കരനെ ഒന്നിച്ചാക്കിയി രിക്കുകയാണ്. വാസ്തവത്തിൽ രണ്ടും വേറെ വേറെയാണ്, ഒന്ന് നിരാകാരൻ, മറ്റേത് സൂക്ഷ്മ ശരീരധാ രി. ഒരാൾ മൂല വതനത്തിലിരിക്കുന്നു, മറ്റേയാൾ സൂക്ഷ്മ വതനത്തിലിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരു ന്നു, ക്ഷേത്രങ്ങളിൽ കാളയെക്കാണിക്കുന്നു. അവർ കരുതുകയാണ് ശിവ-ശങ്കരന്റെ യാത്ര കാളപ്പുറത്താ യിരുന്നു. ശിവനെ സർവ്വവ്യാപിയാണെന്നു പറയുന്നു. എന്നാൽ ശിവ-ശങ്കരന്മാർ സർവ്വവ്യാപിയാണെ ന്ന് ഒരിക്കലും പറയുകയില്ല. പരമപിതാ പരമാത്മാവിനെ നിരാകാരനെന്നു പറയുന്നു. ഇപ്പോൾ ബാബ പറയുന്നു, നിരാകാരനായ ഞാൻ നിങ്ങളെ എങ്ങിനെയാണ് പഠിപ്പിക്കുന്നത്. കാളപ്പുറത്ത് ആരെങ്കിലും

യാത്ര ചെയ്യുമോ. എന്റെ വാഹനമായി എന്തുകൊണ്ടാണ് കാളയെ കാണിച്ചിരിക്കുന്നത്? ഞാനാണെങ്കിൽ സാധാരണ മനുഷ്യ ശരീരത്തിൽ പ്രവേശിച്ചാണ് വരുന്നത്. ഇദ്ദേഹത്തിന്റെ 84 ജന്മങ്ങളുടെ കഥ നിങ്ങളെ കേൾപ്പിക്കുന്നു. നിങ്ങളും ബ്രഹ്മാമുഖ വംശാവലികളായിരിക്കുകയാണ്. ഇദ്ദേഹത്തിന്റെ പേരാണ് ഭാഗീരഥൻ അതായത് ഭാഗ്യശാലി രഥം, എന്തുകൊണ്ടെന്നാൽ ഇദ്ദേഹമാണ് ആദ്യം കേൾക്കുന്നത് മാത്രമല്ല ഇദ്ദേഹം തന്നെയാണ് സൗഭാഗ്യശാലി. സത്യയുഗത്തിൽ വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ബാക്കിയുള്ള ആത്മാക്കളെല്ലാം തങ്ങളുടെ വീട്ടിലേയ്ക്ക് തിരിച്ച് പോകുന്നു, എവിടെ നിന്നാണോ ഇങ്ങോട്ട് വന്നത്, അങ്ങോട്ടേയ്ക്ക്. ഇത് കർമ്മ ക്ഷേത്രമാണ്. സൃഷ്ടി ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു. മൂലവതനത്തിലോ സൂക്ഷ്മ വതനത്തിലോ ഈ സത്യ-ത്രേതായുഗങ്ങളൊന്നുമില്ല. ഈ ഡ്രാമയുടെ ചക്രം ഇവിടെയാണ് കറങ്ങുന്നത്. അരകല്പം ജ്ഞാനം സത്യ-ത്രേതായുഗം, അരക്കല്പം ഭക്തി ദ്വാപര-കലിയുഗം. സത്യയുഗത്തിൽ ലക്ഷ്മി-നാരായണന്റെ രാജ്യമായിരുന്നു, പിന്നീട് ലക്ഷ്മി-നാരായണൻ *ദി ഫസ്റ്റ്, സെക്കന്റ്*. . . രാജ്യം നടക്കുന്നു. ത്രേതായുഗത്തിൽ ചന്ദ്രവംശി രാമന്റെ തലമുറയാണ്. സത്യയുഗത്തിൽ 8 ജന്മം, ത്രേതയിൽ 12 ജന്മം. 84 ജന്മങ്ങളുടെ കഥ ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ തന്റെ ബ്രാഹ്മണ കുട്ടികളുമായാണ് കൂടിക്കാഴ്ച നടത്തുന്നത്, വേറെ ആരുമായുമല്ല. കുട്ടികളായിമാറി, അതുകൊണ്ടാണ് പഠിപ്പിക്കുന്നത്. ബാബ പറയുന്നു - ഞാൻ നിങ്ങളുടെ അച്ഛൻ-ടീച്ചർ-സദ്ഗുരുവുമാണ്. സദ്ഗതി ചെയ്ത് ഒപ്പം കൊണ്ടുപോകുന്നു. പാവനമായി മാറുന്നതിനുള്ള സഹജമായ വഴിയുണ്ട്, അതാണ് നിങ്ങൾക്ക് പറഞ്ഞുതരുന്നത്. ഇവിടെയിരുന്ന് നിങ്ങൾ എന്താണ് ചെയ്യുന്നത്? കുട്ടികൾ പറയുന്നു - ബാബാ, ഞങ്ങൾ അങ്ങയെ ഓർമ്മിക്കുകയാണ്. അങ്ങയുടെ നിർദ്ദേശമാണ് - നിരന്തരമായി എന്റെ ഓർമ്മയിലിരിക്കൂ, ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ വികർമ്മങ്ങൾ വിനാശം നടക്കും. പിന്നെ നിങ്ങൾ പവിത്രമായി മാറും. ഇപ്പോൾ നിങ്ങൾ തമോപ്രധാനമാണ്, ഓർമ്മയിലൂടെ അഴുക്കുകളിളകി പോകും. വേറെ പ്രയാസത്തിന്റെ യാതൊരു കാര്യവുമില്ല. സദാ നിരോഗിയായിരുക്കുന്നതിന് എത്ര സഹജമായ യുക്തിയാണ്! ദേവതകൾക്ക് ഒരിക്കലും അസുഖം ബാധിച്ചിരുന്നില്ല. ഓർമ്മകൊണ്ടുതന്നെയാണ് നിങ്ങൾ നിരോഗിയായി മാറുന്നത്. പാപങ്ങൾ ഭസ്മകാകുമ്പോൾ നിങ്ങൾ പാവനമായിമാറും. വളരെ വലിയ സമ്പാദ്യമാണ്. നടന്നോളൂ, കറങ്ങിക്കൊള്ളൂ, കേവലം എന്റെ ഓർമ്മയിലിരിക്കൂ. ആദ്യം ഈ അഭ്യാസം ചെയ്യണം. ഓർമ്മയിലിരുന്നാൽ നാം 21 ജന്മത്തേയ്ക്ക് നിരോഗിയായി മാറും. പ്രയാസപ്പെടേണ്ട യാതൊരാവശ്യവുമില്ല, കേവലം എന്റെ ഓർമ്മയിലിരിക്കൂ. ഇത് ബാബ ആത്മാക്കളോട് പറയുന്നു, അല്ലയോ ആത്മാക്കളേ കേൾക്കുന്നുണ്ടോ? ബാബ വായകൊണ്ട് പറയുകയാണ്, എന്നെ ഓർമ്മിക്കൂ, വീടിനേയും ഓർമ്മിക്കൂ. ഇപ്പോൾ ഈ നരകം അവസാനിക്കേണ്ടതുണ്ട്. നമുക്ക് വീട്ടിലേയ്ക്ക് തിരിച്ചു പോകണം. ഭക്ഷണമുണ്ടാക്കുന്ന സമയത്തും ഓർമ്മയിലിരിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യൂ. നിങ്ങൾ കർമ്മയോഗികളായിരുന്നാലും നിങ്ങൾ ഏറ്റവും കുറഞ്ഞത് 8 മണിക്കൂറെങ്കിലും ഓർമ്മയുടെ ചാർട്ടുണ്ടാക്കൂ. 5 മിനിട്ട്, 10 മിനിട്ട്, അരമണിക്കൂർ, അങ്ങിനെ ചാർട്ടിനെ വർദ്ധിപ്പിക്കണം. ചെക്ക് ചെയ്തുകൊണ്ടേയിരിക്കൂ, ഞാൻ എത്ര സമയം ബാബയുടെ ഓർമ്മയിലിരുന്നു? ഈ ബാബയിൽ നിന്നാണ് എനിക്ക് വൈകുണ്ഠത്തിന്റെ രാജപദവി ലഭിക്കുന്നത്, 21 ജന്മത്തേയ്ക്ക് സദാ നിരോഗിയായിമാറുന്നത്. എത്ര സഹജമായ യുക്തിയാണ്. ചക്രത്തിന്റെ ജ്ഞാനം കുട്ടികൾക്ക് പറഞ്ഞു തന്നിട്ടുണ്ട്, അതായത് കുടുമി ബ്രാഹ്മണൻ, ദേവത, ക്ഷത്രിയ, വൈശ്യ, ശൂദ്രർ - ഈ ചക്രത്തെ ഓർമ്മിക്കണം. ഇപ്പോൾ നിങ്ങൾക്കറിയാം ഒരു ധർമ്മത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കൂകയാണ്, മറ്റ് ധർമ്മങ്ങളുടെ വിനാശവും നടക്കും. സത്യയുഗത്തിൽ ഒരേയൊരു ധർമ്മം മാത്രമേയുള്ളൂ. ഇതിലാണ് നിങ്ങൾക്ക് പരിശ്രമം ആവശ്യമായിട്ടുള്ളത്. ബാബ പറയുന്നു - ബീജമാകുന്ന എന്നെ ഓർമ്മിക്കൂ, വൃക്ഷത്തെ ഓർമ്മിക്കൂ. സ്ഥാപന, വിനാശം, പാലന . . . .. . ഇത് വളരെ സഹജമാണ്. സഹജയോഗവും സഹജ ജ്ഞാനവും. ബീജത്തിൽ നിന്ന് എങ്ങിനെ വൃക്ഷമുണ്ടാകുന്നു എന്ന ജ്ഞാനം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊള്ളൂ, പക്ഷെ പവിത്രമായിരിക്കൂ. ഇത് നല്ലതല്ലേ. ബാബ പറയുന്നു - നിങ്ങൾ 63 ജന്മം നരകത്തിൽ മുങ്ങിപ്പോങ്ങിയിട്ടുണ്ട്. പാപങ്ങൾ ചെയ്തു, ഇപ്പോൾ തികച്ചും പാപാത്മാവായി മാറിയിരിക്കുകയാണ്. രാവണ മതപ്രകാരം നടന്നു വന്നിരിക്കുകയാണ്. ഗാന്ധിജിയും രാമരാജ്യം ആഗ്രഹിച്ചിരുന്നു. മനുഷ്യരുടെ ബുദ്ധി എത്ര മലിനമായിരിക്കുകയാണ്. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. സ്വർഗ്ഗം എപ്പോളാണുണ്ടായിരുന്നത് എന്ന് ആർക്കും അറിയുകയില്ല. ലക്ഷ്മി-നാരായണൻ വന്ന് പോയിട്ട് അയ്യായിരം വർഷമായി, ഇത് ആരുടേയും ബുദ്ധിയിലില്ല. സത്യയുഗത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷങ്ങളാണെന്നു പറയുന്നു. അരക്കല്പം ജ്ഞാനം, അരക്കല്പം ഭക്തി, പിന്നീട് പഴയ ലോകമായി മാറുമ്പോൾ വൈരാഗ്യം വരുന്നു. ഈ നരകത്തിൽ നിന്ന് ബുദ്ധിയെ അകറ്റൂ.

നിങ്ങളിവിടെയിരുന്ന് വളരെ വലിയ സമ്പാദ്യം ചെയ്യുകയാണ്. ബാബ പറയുന്നു - നിങ്ങൾ ചക്രവർത്തി രാജാവായി മാറുന്നു. ഇത് നിങ്ങളുടെ അന്തിമ 84-മത്തെ ജന്മമാണ്, വിനാശം മുന്നിൽ നിൽക്കുകയാണ്.

മൃത്യു ലോകത്തിന്റെ വിനാശവും അമര ലോകത്തിന്റെ സ്ഥാപനയും നടന്നുകൊണ്ടിരിക്കുകയാണ്. അമര നാഥനായ ബാബയിൽ നിന്ന് നമ്മൾ സത്യനാരായണന്റെ കഥ കേട്ടുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ ഒരു കഥയാണ്, പക്ഷെ എത്ര ശാസ്ത്രങ്ങളാണുണ്ടാക്കിയിട്ടുള്ളത്. കോടിക്കണക്കിന് രൂപ ചിലവഴിക്കുന്നു. വാസ്തവത്തിൽ എല്ലാം തന്നെ അസത്യം. ബാബ സത്യം പറഞ്ഞുതന്ന് സത്യ ഖണ്ഡത്തിന്റെ സ്ഥാപന ചെയ്യുന്നു. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങളുടെ പക്കൽ എന്താണുള്ളത്? അമേരിക്കയുടെ പക്കൽ എന്താണുള്ളത്? വലിയ വലിയ കെട്ടിടങ്ങളുണ്ട്. അതാണെങ്കിൽ ഇപ്പോൾ വീണുകൊണ്ടിരിക്കുകയാണ്. സ്വർഗ്ഗത്തിൽ എത്ര അളവറ്റ സമ്പത്താണുണ്ടായിരുന്നത്. ഇവിടെയാണെങ്കിൽ ധനം തന്നെയില്ല. അമേരിക്കയിലെ വൈറ്റ് ഹൗസിൽ നിന്ന് എന്ത് കവർച്ച ചെയ്യാനാണ്? ഒന്നും തന്നെയില്ല. സത്യയുഗത്തിൽ ഏറ്റവും ദരിദ്രനിൽ ദരിദ്രന്റെ കൊട്ടാരവും ഇവിടത്തെ സമ്പന്നരിൽ സമ്പന്നന്റ കൊട്ടാരത്തെക്കാളും വളരെ മനോഹരമായിരിക്കും. വെള്ളിയും സ്വർണ്ണവും പതിച്ചിട്ടുണ്ടായിരിക്കും. അവിടെ എല്ലാം വളരെ വിലകുറവിൽ ലഭിക്കും, എല്ലാവർക്കും തന്റേതായ ഭൂമിയുണ്ടായിരിക്കും. സുദാമയെപ്പോലെ . . ഭക്തിമാർഗ്ഗത്തിൽ രണ്ടുപിടി ഈശ്വരന് നൽകിക്കൊണ്ട് വന്നിരിക്കുകയാണ്. ചിലരാണെങ്കിൽ 5–10–100 രൂപയും ദാനം നൽകുന്നു, അതിന്റെ ഫലം അടുത്ത ജന്മത്തിൽ ലഭിക്കുന്നു, അതുകൊണ്ടാണ് മനുഷ്യർ ദാനപുണ്യങ്ങൾ ചെയ്യുന്നത്. ചിലരാണെങ്കിൽ ആശുപത്രികൾ തുറക്കുന്നു, എങ്കിൽ അവർക്ക് അടുത്ത ജന്മം ആരോഗ്യമുള്ള ശരീരം ലഭിക്കുന്നു. യാതൊരു തരത്തിലുമുള്ള അസുഖങ്ങളുണ്ടാകുയില്ല. ചിലർ കോളേജ് ഉണ്ടാക്കുന്നുവെങ്കിൽ അടുത്ത ജന്മം പഠിച്ച് മിടുക്കന്മാരായി മാറുന്നു. ഒരു ജന്മത്തിന്റെ ഫലം അടുത്ത ജന്മത്തിൽ ലഭിക്കുന്നു. പരമപിതാ പരമാത്മാവാണെങ്കിൽ ദാതാവാണ്. ബാബ പറയുന്നു – കുട്ടീ ഒരു *ഹോസ്പിറ്റൽ കം കോളേജ്* തുറക്കൂ, ഇതിൽ വളരെ പേരുടെ മംഗളം നടക്കും. ഇതിന്റെ ഫലം നിങ്ങൾക്ക് 21 ജന്മം വരേക്കും ലഭിക്കും. അത് *ഇൻഡയറക്ട്* ഒരു ജന്മത്തേയ്ക്ക്, ഇത് *ഡയറക്ട്*, 21 ജന്മത്തേയ്ക്ക് പ്രാലബ്ധം ലഭിക്കുന്നു എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഡയറക്ടായി ഇവിടെ എത്തിയിരിക്കുകയാണ്. മനസ്സിലാക്കിത്തരികയാണ് – നിങ്ങളുടെ സർവ്വതും നശിക്കാൻ പോകുകയാണ്. വീടും കൊട്ടാരങ്ങളും എല്ലാം മണ്ണിലടിയാൻ പോകുകയാണ്, അതുകൊണ്ട് ഇപ്പോൾ ഭാവിയിലേക്കുള്ള സമ്പാദ്യം ചെയ്യൂ, അത് നിങ്ങളുടെ കാര്യത്തിൽ വരും. ആരു വന്നാലും അവർക്ക് വഴി പറഞ്ഞുകൊടുക്കൂ – ബാബയെ ഓർമ്മിക്കൂ, എങ്കിൽ നിങ്ങളുടെ പാപവിനാശം നടക്കും. പാർലൗകിക പിതാവാണ്. ബാബ പറയുന്നു – നിങ്ങൾ ശ്രീമതപ്രകാരം നടക്കുകയാണെങ്കിൽ, സ്വർഗ്ഗത്തിന്റെ അധികാരിയും പവിഴ ബുദ്ധിയുമായി മാറും. എത്ര യുക്തികളാണ് പറഞ്ഞു തരുന്നത്. ഓരോരുത്തരുടേയും കർമ്മക്കണക്കുകൾ അവരവരുടേതാണ്. ബാബ കർമ്മം–അകർമ്മം–വികർമ്മത്തിന്റെ ഗതി മനസ്സിലാക്കിത്തരികയാണ്. എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ സർജ്ജന്റെ പക്കൽ വന്ന് ശ്രീമതമെടുക്കൂ. അഹല്യകൾക്കും, കൂനികൾക്കും . . .എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കണം. പവിത്രതയിൽ തന്നെയാണ് കുഴപ്പങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. വിഷം നൽകിയില്ലായെങ്കിൽ ദേഹോപദ്രവം ചെയ്യുന്നു. വീട്ടിൽ നിന്നിറക്കി വിടുന്നു. എത്ര കുഴപ്പങ്ങളാണ് ചെയ്യുന്നത്. ബാബ പറയുന്നു – ഈ ജ്ഞാനത്തിൽ അസുരന്മാരുടെ വിഘ്നങ്ങളും വളരെ വരും. അബലകളുടെ മുകളിൽ അത്യാചാരങ്ങളും വളരെയുണ്ടാകും, മറ്റ് സത്സംഗങ്ങളിൽ ഒരിക്കലും അത്യാചാരങ്ങളുടെ കാര്യമില്ല. ഇവിടെ വിഘ്നങ്ങൾ വരുന്നു. ബാബ പറയുന്നു – എത്ര പതിതരായി മാറിയിരിക്കുകയാണ്! നിങ്ങളിപ്പോൾ പവിത്രമായി മാറുന്നു, പാവനമായ ലോകത്തിന്റെ അധികാരികളായി മാറുന്നതിനുവേണ്ടി. ബാബയുടെ ആജ്ഞയാണ് ഈ അന്തിമ ജന്മത്തിൽ പവിത്രമായി ബാബയുടെ ഓർമ്മയിലിരിക്കൂ, എങ്കിൽ വികർമ്മ വിനാശം നടക്കും. ഇതിന്റെ പേരുതന്നെ സഹജ രാജയോഗമെന്നാണ്, വേറെ ഒരു ശാസ്ത്രങ്ങളിലും ഈ യുക്തിയില്ല. ഗീതയിൽ പറഞ്ഞിട്ടുണ്ട് ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളും ത്യജിച്ച് അച്ഛനാകുന്ന എന്നെ ഓർമ്മിക്കൂ. പക്ഷെ കൃഷ്ണൻ ഭഗവാനേയല്ല. ഭഗവാൻ സർവ്വ ആത്മാക്കളുടേയും പിതാവാണ്. ശരീരത്തിന്റെ കടമെടുത്തിരിക്കുകയാണ്, ഇത് ഭാഗ്യശാലി രഥമാണ്. ഇദ്ദേഹത്തിനും സന്തോഷമുണ്ട്, എന്റെ ശരീരത്തെ ഭഗവാൻ ഉപയോഗിക്കുന്നു. ഈ ശരീരത്തിൽ ബാബ വന്ന് സർവ്വരുടേയും മംഗളം ചെയ്യുന്നു. വേറെ കാളയും മറ്റുമൊന്നുമില്ല. ഈ കാര്യങ്ങളെയെല്ലാം പുതിയവരെങ്ങിനെ മനസ്സിലാക്കാനാണ്. ശരി

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ഈ അന്തിമ ജന്മത്തിൽ സമ്പൂർണ്ണ പവിത്രമായി മാറി ബാബയുടെ ഓർമ്മയിൽ തന്നെയിരിക്കണം. ഈ പതിത ലോകത്തിൽ നിന്നും മനസ്സിനെ അകറ്റണം.

2. സ്വദർശന ചക്രധാരിയായി മാറണം. *ഹോസ്പിറ്റൽ കം കോളേജ്* തുറന്ന് അനേകരുടെ മംഗളം ചെയ്യണം. ഓരോ ചുവടിലും *സുപ്രീം സർജ്ജ*നിൽ നിന്ന് ശ്രീമതമെടുക്കണം.

## വരദാനം:- ദിവ്യബുദ്ധിയിലൂടെ ത്രികാലദർശി സ്ഥിതിയുടെ അനുഭവം ചെയ്യുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ.

ബ്രാഹ്മണജന്മത്തിന്റെ വിശേഷ സമ്മാനമാണ് ദിവ്യബുദ്ധി. ഈ ദിവ്യബുദ്ധിയിലൂടെ ബാബയെയും സ്വയം സ്വയത്തെയും മൂന്ന് കാലങ്ങളെയും സ്പഷ്ടമായി അറിയാൻ സാധിക്കുന്നു. ദിവ്യബുദ്ധിയിലൂടെത്തന്നെയാണ് ഓർമ്മയിലൂടെ സർവ്വശക്തികളെയും ധാരണ ചെയ്യാൻ സാധിക്കുന്നത്. ദിവ്യബുദ്ധി ത്രികാലദർശി സ്ഥിതിയുടെ അനുഭവം ചെയ്യിപ്പിക്കുന്നു, അവരുടെ മുമ്പാകെ മൂന്ന് കാലങ്ങളും സ്പഷ്ടമാകുന്നു. പറയാറുമുണ്ട്- ചിന്തിക്കുന്നതും പറയുന്നതും മുമ്പും പിമ്പും ചിന്തിച്ച് മനസ്സിലാക്കി ചെയ്യൂ എന്ന്. പരിണാമത്തെ അറിഞ്ഞ് കർമ്മം ചെയ്യുന്നതിലൂടെ സഫലത തീർച്ചയായും ലഭിക്കും.

## സ്ലോഗൻ:- യഥാർത്ഥ നിർണ്ണയം നടത്തണമെങ്കിൽ ആത്മീയ ലഹരിയിലൂടെ ചിന്തയില്ലാത്ത സ്ഥിതിയിൽ സ്ഥിതി ചെയ്യൂ.